Answer

(a) Government have been amending the rules from time to time as and when considered necessary. Recently Government have decided that in respect of Government Servants dying in harness after 1-7-1983 there will be no income limit of the family of the applicant for eligibility for employment assistance under the scheme.

(b) Government consider that the minimum service prescribed now is reasonable and should stand.

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള വരുമാനപരിധി

417. [528] ശ്രീ. പി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥകളിൽ കുടുംബത്തിന്റെ വാർഷിക വരുമാനം എത്രരൂപയിൽ കവിയരുതെന്നാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) വാർഷിക വരുമാനം എത്രയാണെങ്കിലും സർവ്വീസിലിരിക്കെ മരണമടയുന്ന ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതരിൽ ഒരാൾക്ക് ജോലി നൽകിയിരിക്കണമെന്ന നയം സ്വീകരിക്കുവാൻ നടപടിസ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) 1-1-1982-ന് മുൻപ് മരണമടഞ്ഞിട്ടുള്ള ജീവനക്കാരുടെ ആശ്രിതർക്ക് പദ്ധതി പ്രകാരം നിയമനാനുകൂല്യം ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാനപരിധി 6000 രൂപയും 1-1-1982 മുതൽ 31-12-1984 വരെയുള്ള കാലയളവിൽ ഇത് 9000 രൂപയും 1-1-1985-ന് ശേഷം മരിച്ച ജീവനക്കാരുടെ ആശ്രിതരുടെ കാര്യത്തിൽ 12,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ഈ വാർഷികവരുമാനപരിധി 18,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇപ്രകാരം ഉയർത്തിയ വരുമാനപരിധിയുടെ പ്രയോജനം 1-1-1986-നോ അതിനുശേഷമോ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുമാത്രമേ ലഭിക്കുകയുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. വരുമാനപരിധി നോക്കാതെ തന്നെ 1-7-1983-നുശേഷം മരണമടഞ്ഞിട്ടുള്ള ജീവനക്കാരുടെ ആശ്രിതരിൽ ഒരാൾക്ക് പദ്ധതിപ്രകാരം ജോലി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഉത്തരവ് ഉടനടി പുറപ്പെടുവിക്കുന്നതാണ്.

പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കാത്തവർ

418. [529] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, പി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ 30 വരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റിൽ ഓരോ കാറ്റഗറിയിലും നിയമനം ലഭിക്കാതെ കാത്തു നിൽക്കുന്നവരെത്ര ;

LIBRARY ARCHIVES Kerala Legislative Assembly